**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 83** **07-10-2024-ൽ മറുപടിയ്ക്ക്**

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജീവ് ജോസഫ് ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം(കിയാൽ) എം.ഡി.യുടെ ശമ്പളം വർദ്ധിപ്പിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധനവ് നടത്തിയത് മാനദണ്ഡങ്ങൾ പാലിച്ചാണോ; ഇത് സംബന്ധിച്ച വിശദാംശം നൽകാമോ;

**മറുപടി:** കിയാൽ ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിച്ചാണ് വാർഷിക ശമ്പളം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

**(ബി)** പ്രസ്തുത എയർപോർട്ടിലെ ഗവണ്മെന്റ് ഷെയർ 35 ശതമാനത്തിൽ കൂടാതിരിക്കാനായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ ലീസിനു കൊടുക്കണമെന്ന ഉത്തരവ് ഇറക്കാനുള്ള സാഹചര്യം എന്താണ്; സ്വകാര്യ മേഖലയിൽത്തന്നെ എയർപോർട്ട് നിലനിർത്തുന്നത് സർക്കാരിന് നഷ്ടമുണ്ടാക്കില്ലേ എന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഏറ്റെടുക്കുന്ന സ്ഥലങ്ങൾ ലീസിനു കൊടുക്കണമെന്ന ഉത്തരവ് ഇറക്കിയിട്ടില്ല.

**(സി)** എയർപോർട്ടിലെ ഉദ്യോഗസ്ഥ അഴിമതിക്കെതിരായ പരാതികൾ മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുഖ്യമന്തിക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്താറുണ്ട്.

**(ഡി)** കണ്ണൂർ എയർപോർട്ടിനെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ട് വരുന്നതിനും ഇവിടെ സി.&എ.ജി. ഓഡിറ്റ് നടത്തുന്നതിനും സർക്കാർ മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഒരു സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നത് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

**സെക്ഷൻ ഓഫീസർ**